*പൊതു വിദ്യാഭ്യാസ*
*ഡയറക്ടറുടെകാര്യാലയം,*
*ഹയർസെക്കണ്ടറി വിഭാഗം,*
*ഹൗസിങ് ബോർഡ് ബിൽഡിംഗ്,*
*തിരുവനന്തപുരം-1*

No. ICT Cell/1771/3/DGE_HSE/2024 17/05/2024

# സർക്കുലർ

**വിഷയം:** പ്ലസ് വൺ പ്രവേശനം 2024-25 സ്കൂൾ വിവരങ്ങൾ പരിശോധിക്കൽ :സംബന്ധിച്ച് സർക്കാർ/എയിഡഡ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള നിർദ്ദേശങ്ങൾ

2024-25 അദ്ധ്യയന വർഷത്തിലെ ഹയർ സെക്കണ്ടറി പ്രവേശനത്തിന് മുന്നോടിയായി ഏകജാലകരീതിയിൽ പ്രവേശനം നടത്തുന്ന സംസ്ഥാനത്തെ സർക്കാർ,എയിഡഡ് സ്കൂളുകളിലെ പൊതുവിവരങ്ങളും സീറ്റ് വിവരങ്ങളും വെബ്സൈറ്റിൽ പരിശോധിച്ച് കൃത്യത വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള സൗകര്യം അഡ്മിൻ യൂസറിൽ ലഭ്യമാണ്.

## സീറ്റ് മെട്രിക്സ് പരിശോധന: :നിർദ്ദേശങ്ങൾ(ഏകജാലക രീതിയിൽ പ്രവേശനം നടത്തുന്ന സ്കൂളുകൾക്ക് മാത്രം ബാധകം)

ഹയർസെക്കണ്ടറി /വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗങ്ങളുടെ അഡ്മിഷൻ വെബ്സൈറ്റ് ഗേറ്റ്‌വേ ആയ www.admission.dge.kerala.gov.in-ലെ "Click for Higher Secondary Admission" എന്നതിലൂടെ ഹയർ സെക്കണ്ടറി അഡ്മിഷൻ വെബ്സൈറ്റിലേയ്ക്ക് ലോഗിൻ ചെയ്യുക.പ്രിൻസിപ്പൽമാരുടെ കൈവശമുള്ള അഡ്മിൻ യൂസർ ഐഡിയും പാസ്സ് വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്.

1.സ്കൂളിന്റെ പേര്.
2.സ്കൂളിന്റെ ജെൻഡർ (ബോയ്സ്/ഗേൾസ്/മിക്സ്ഡ്).
3.സ്കൂളുൾപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും താലൂക്കിന്റേയും പേരുകൾ.
4.സ്കൂൾ ടൈപ്പ്(ഗവൺമെന്റ്/എയിഡഡ് ജനറൽ/എയിഡഡ് ബാക്ക്‌വേഡ്/എയിഡഡ് മൈനോറിറ്റി എന്നിവയിലേതെന്ന്).

5.സ്കൂളിൽ നിലവിലുള്ള കോമ്പിനേഷനുകൾ,രണ്ടാം ഭാഷ, അക്കൗണ്ടൻസി സ്പെസിഫിക്കേഷൻ (CA/AFS എന്നിവയിലേതെന്ന്)

6.ഓരോ കോമ്പിനേഷനിലും കാറ്റഗറി തിരിച്ചുള്ള ആകെ സീറ്റുകളുടെ എണ്ണം.

എന്നിവ നിർബന്ധമായും പരിശോധിക്കണം.ഈ വിവരങ്ങളുടെ കൃത്യത സ്കൂളുകളിലേയ്ക്കുള്ള അലോട്ട്മെൻറിൻെറ കൃത്യതയ്ക്ക് അനിവാര്യമാണ്.ഏകജാലക സംവിധാന പ്രകാരം പ്രവേശനം നടത്തുന്ന സീറ്റുകൾ കൂടാതെ മാനേജ്മെൻറ്, കമ്മ്യൂണിറ്റി, സ്പോർട്സ് ക്വാട്ടകളിലെ സീറ്റുകളുടെ എണ്ണവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.ഈ സീറ്റ് മെട്രിക്സ് അനുസരിച്ചായിരിക്കും ഓരോ ക്വാട്ടയിലും പ്രവേശനം നടക്കുന്നത്.

ഇത്രയും വിവരങ്ങൾ സൂക്ഷ്മമായി പരിശോധിച്ച ശേഷം തെറ്റുകളൊന്നുമില്ലെങ്കിൽ ***"Verified and Found Correct"*** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. പരിശോധനയ്ക്ക് ശേഷം തിരുത്തലുകൾ വേണമെന്നുണ്ടെങ്കിൽ ***"Verified and Need Correction"*** എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. തിരുത്തലിൻെറ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകയിൽ അപേക്ഷ തയ്യാറാക്കി സ്കൂൾ മുദ്ര വച്ച് പ്രിൻസിപ്പലിൻെറ ഒപ്പോട് കൂടി അനുബന്ധ രേഖകൾ സഹിതം **കോ-ഓർഡിനേറ്റർ, ഐ.സി.റ്റി. സെൽ(ഹയർസെക്കണ്ടറി വിദ്യാഭ്യാസം), എസ്.സി.ഇ.ആർ.റ്റി ഗസ്റ്റ് ഹൗസ് കാമ്പസ്, പൂജപ്പുര, തിരുവനന്തപുരം -12** എന്ന വിലാസത്തിൽ 2024 2024 മേയ് 24 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ലഭിയ്ക്കത്തക്കവിധം തപാലിൽ അയക്കണം.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

<u>അനുബന്ധം</u>

**<u>ഏകജാലക പ്രവേശനത്തിന്റെ സ്കൂൾ/സീറ്റ് വിവരങ്ങളുടെ തിരുത്തലുകൾക്കുള്ള അപേക്ഷ (2024-25)</u>**

District:

School Code:

School Name:

## Details of Data which require Correction

| ***Sl No.*** | ***Data as seen in the admission website*** | ***To be corrected as*** |
|---|---|---|
| | | |
| | | |
| | | |

**(Attach a supporting document(s) for making correction)**

Name & Signature of Principal:

Place:
Date: School Seal